## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2176 — 11.06.2018 ൽ മറുപടിക്ക്

# പാലക്കാട് ജില്ലയിലെ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ ഏതെല്ലാം താലൂക്ക്/ജില്ലാ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ ജില്ലാ ആശുപത്രി പാലക്കാട്, താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലാ ആശുപത്രിയിൽ 2011 ആഗസ്റ്റ് മാസമാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. 2014 ആഗസ്റ്റ് മാസം മുതൽ മുഴുവൻ സമയവും നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 8 ഹീമോ ഡയാലിസിസ് മെഷീൻ ഉണ്ട്. 2017-2018 സാമ്പത്തിക വർഷത്തിൽ 25,496 ഹീമോ ഡയാലിസിസ് ചെയ്തിട്ടുണ്ട്. ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 2013 ജൂലയ് മാസം മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ച് വരുന്നു. |
| (ബി) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലാതായിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് 2013 മുതൽ പ്രവർത്തിച്ച് വരുന്നു. രണ്ടാംഘട്ട വിപുലീകരണ പ്രവർത്തനത്തിന്റെ ഭാഗമായി 19 മെഷീനുകൾ ഡയാലിസിസ് സൗകര്യത്തിനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. 31.05.2018 വരെ 12,768 ഡയാലിസിസ് 68 രോഗികൾക്കായി ചെയ്യാൻ സാധിച്ചിട്ടുണ്ട്. താമസിയാതെ 120 പേർക്ക് തികച്ചും സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ